# യുവേർസ് പ്രോഡിഗൽ

## ഫാദർജി

ഡാഡിക്കും മമ്മിക്കും,

ഫോൺ വിളിച്ചില്ല, ആശംസകാർഡുകളയച്ചില്ല തുടങ്ങിയ പരിഭവക്കത്തുകൾ വായിച്ചു മടുത്തു. ഒന്നും പറയാനില്ലാത്തതുകൊണ്ടാണു ഫോണെടുക്കാഞ്ഞത്. ഇനിയും വെറുതെ വിളിച്ചു ഫോൺ ബില്ല് കൂട്ടണ്ട.

വാതോരാതെ പറയാൻ, കെട്ടിപ്പിടിക്കാൻ, മടിയിലിരിക്കാൻ, ഒരുമ്മ കിട്ടാൻ, പരിഭവം പറയാൻ കൊതിച്ച ഒരു കാലമുണ്ടായിരുന്നു. അന്ന് നിങ്ങൾക്ക് സമയമില്ലായിരുന്നു.

നാലുചുവരുകൾക്കുള്ളിലെ ഏകാന്തതയും കറുത്ത രാത്രികളിലെ ദു:സ്വപ്നങ്ങളും മനസ്സിൽ ആത്മ സംഘർഷങ്ങളുടെ തീച്ചൂള എരിച്ചപ്പോൾ ഒന്നൂതിക്കെടുത്തുവാൻ നനവൂർന്നമഴയുമായി പെയ്യുവ്വാൻ നിങ്ങളടുത്തുണ്ടായിരുന്നെങ്കിൽ എന്നൊരായിരം വട്ടം ആഗ്രഹിച്ചിരുന്നു.

കണ്ടില്ല നിങ്ങളെ

സ്കൂളിലെ ജയത്തിന്റെയും പരാജയത്തിന്റെയും കഥകൾ പറയാൻ, ദു:സ്വപ്നങ്ങളിൽ കെട്ടിപ്പിടിച്ചുറങ്ങാൻ നിങ്ങളടുത്തുണ്ടായിരുന്നെങ്കിൽ എന്നോർത്ത നാളുകളുണ്ടായിരുന്നു.

കണ്ടില്ല നിങ്ങളെ

വാർഡന്റെ തീ പാറുന്ന കണ്ണുകളും, മെസ് മാനേജരുടെ ശകാരവും കൂട്ടുകാരുടെ പരിഹാസവും പീഡനവും കൊണ്ട് മനം തകർന്ന് തലയിണയിൽ മുഖമമർത്തിക്കരഞ്ഞ പത്തു വയസ്സ് കാരൻ ഓരോ രാത്രികളിലും മോഹിച്ചു തന്നെ റസിഡൻഷ്യൽ സ്കൂളിന്റെ തടവറയിൽ നിന്നും മോചിപ്പിക്കുവാൻ സുൽത്താനായി വാഴുന്ന എന്റെ ഡാഡി വരുമെന്ന്.

കണ്ടില്ല നിങ്ങളെ

രണ്ടും മൂന്നും ഷിഫ്റ്റിലോടിയിരുന്ന നിങ്ങൾ ഞങ്ങളെ അനാഥരാക്കി.

ഫൈവ്സ്റ്റാർ വീടും പോഷ്കാറും ആഡംബര പ്രതാപങ്ങളൊന്നുമായിരുന്നില്ല അന്ന് ഞങ്ങൾക്ക് ആവശ്യം – നിങ്ങളെ നിങ്ങളെ ആയിരുന്നു.

കണ്ടില്ല നിങ്ങളെ

ദൈവം തന്ന മാതാപിതാക്കളെ കൺനിറയെ കാണാനും ഹൃദയം നിറയെ സ്നേഹിക്കാനും ഭാഗ്യമില്ലാതെപോയ മക്കളായിരുന്നു ഞങ്ങൾ. ദൈവം നിങ്ങൾക്ക് നൽകിയ മക്കളെ നിങ്ങൾ മറന്നു.

മോഹക്കൊട്ടാരങ്ങൾ കെട്ടിപ്പൊക്കുവാനുള്ള ബിസിഷെഡ്യൂളിൽ മക്കൾ അന്യരും അനാഥരുമായി. ഒരു മനുഷ്യൻ ലോകം മുഴുവനും നേടിയിട്ടും മക്കളെ നഷ്ടപ്പെട്ടാൽ പിന്നെ അവനെന്തു ഭാഗ്യം?!

മക്കൾക്കുവേണ്ടി ഓടിയതിന്റേയും നേടിയതിന്റേയും ഓട്ടത്തിനിടയിൽ കാലിടറിവീണതിന്റേയും കണക്കുകളൊന്നും പറയരുത്. ചിലതൊക്കെതിരിച്ചും പറയേണ്ടിവരും. അതുകേൾക്കുവാനുള്ള ശക്തി ഓടിത്തളർന്ന ഈ എൺപതിൽ നിങ്ങൾക്കുണ്ടാവില്ല.

ഓടുവാൻ മക്കൾ പറഞ്ഞില്ല. ആരെയോ തോൽപ്പിക്കാനും കാണിക്കാനും മോഹത്തേരിലേറി ഓടി തളർന്നതിന് മക്കളെ ബലിയാടാക്കരുത്. നിങ്ങളോടൊപ്പമുള്ള അൽപവും സ്വല്പവും ഇല്ലായ്മയും വല്ലായ്മയും വിജയോൽസവമായി ഞങ്ങളാഘോഷിച്ചേനെ.

അതിനൊന്നിനും കണ്ടില്ല നിങ്ങളെ.

ഉവ്വുവ്വ്, എന്റെ ഫാദർ ഡാഡിയെപ്പറ്റി ഒരു പാട് കേട്ടിട്ടുണ്ട്. രാഷ്ട്രീയ നേതാവ്, സഭാരത്നം, ലാഭം കൊയ്യുന്ന വ്യവസായി, അവാർഡ് ജേതാവ്, പള്ളിപ്രമാണി . . . . . പറയ്, മക്കൾക്ക് അനുഭവിക്കുവാൻ യോഗമില്ലാതായിപ്പോയ ഗ്ലാഡിയറ്റർ ഡാഡി!

മനസ്സിന്റെ ഭാരങ്ങൾ ഇറക്കിവയ്ക്കുവാനുള്ള അത്താണി തേടിയുള്ള മരണപ്പാച്ചിലിനിടയിലാണു ലഹരിയും വഴിതെറ്റിയ സുഹൃദ് ബന്ധങ്ങളുമൊക്കെ പാപഭാരചുമടുകളായത്. ഗതിമാറിയൊഴുകിയപ്പോൾ നിങ്ങളറിഞ്ഞില്ല, അരുതെന്ന് പറഞ്ഞില്ല. അല്ലെങ്കിലും രാവേറുന്നതുവരെ നാടുഭരിച്ച്, ഫിറ്റായി, ഡ്രൈവർ പാഴ്സലായി കാറിൽ കൊണ്ടുവന്ന് അൺലോഡുച്ചെയ്യപ്പെടുന്ന ഫാദർ ഡാഡി എന്തു മൂല്യ പ്രസംഗം നടത്താൻ?

ഇനിയിപ്പോ കരകാണാക്കടലിൽ തുഴ നഷ്ടപ്പെട്ട നിസ്സഹായനായ എനിക്ക് നിങ്ങളുടെ കരച്ചിൽ കൊണ്ടെന്താണുഫലം?

അത് പറഞ്ഞ് ഇനി ആത്മവിലാപം വേണ്ട.

മൂന്ന് മക്കളിൽ ഞാൻ മാത്രമെന്താണ് ധൂർത്തപുത്രനും ദുഷ്കഥാപാത്രവുമായി കരിഞ്ഞുണങ്ങിപ്പോയതെന്ന ചോദ്യത്തിന് ഉത്തരമില്ല. ചുടുവെയിലേൽക്കുമ്പോൾ ഇലകളിൽ ചില ദുർബലപത്രങ്ങൾ മാത്രം കരിഞ്ഞുണങ്ങുന്നതെന്തെന്ന് അമ്മവൃക്ഷത്തിനുമറിയില്ല.

എങ്ങിനെ ഇത്രക്രൂരമായി സംസാരിക്കാൻ കഴിയുന്നെന്നോ? തെറ്റും ശരിയും തിരിച്ചറിയാത്ത കുരുന്നു പ്രായത്തിൽ കൊച്ചുകൊച്ചപരാധങ്ങളുടെ പേരിൽ കൊടുങ്കാറ്റായി മമ്മി ആഞ്ഞടിച്ചപ്പോൾ, ഹൃദയം തല്ലിയുടച്ചപ്പോൾ നിങ്ങളും ക്രൂരത കാട്ടുകയായിരുന്നില്ലെ? അടിക്കു തിരിച്ചടി എന്ന് അംഗീകരിക്കപ്പെട്ട 'ന്യൂട്ടൺ ലോ' സയൻസ് അദ്ധ്യാപികയായ മമ്മിയ്ക്ക് ഞാൻ പറഞ്ഞു തരണോ?

ചെറുപ്പം മുതൽ കണ്ടു വളർന്നത് ടി വിയിലെ ദുഷ്ടകഥാപാത്രങ്ങളെയാണ്. തോൽക്കുന്നവരും തോൽപ്പിക്കുന്നവരുമായ നിഴൽ ചിത്രങ്ങൾ. ഊഷ്മള വികാരത്തിന്റെ ആദ്രസ്നേഹത്തിന്റെ കൊടുക്കൽ വാങ്ങലുകൾ ഒന്നും തരപ്പെടാൻപ്പറ്റിയ സ്ഥലമായിരുന്നില്ലല്ലോ, ഹോസ്റ്റൽ.

നിങ്ങളിപ്പോൾ പറയുന്ന സുവിശേഷവും ബൈബിളും അപരിചിതമാണെനിക്ക് അതൊന്നും പറഞ്ഞു പഠിപ്പിക്കുകയോ പാടികേൾപ്പിക്കുകയോ ചെയ്തിട്ടില്ലല്ലോ. ശാബതുവിറ്റും കാശാക്കിയപ്പോൾ കുട്ടികൾ ചെറുപ്പത്തിൽ പഠിക്കേണ്ടദൈവിക മൂല്യങ്ങൾ അവർക്ക് നഷ്ടമാകുമെന്നും കരുതീട്ടുണ്ടാവില്ല. ഇനിയിപ്പോ അതൊന്നും പഠിപ്പിക്കാനുള്ള മനസ്സും ക്ഷമയുമില്ലെന്റെ പേരന്റേ!

ഇനിയെന്താണു പ്രായശ്ചിത്തം ചെയ്യേണ്ടതെന്നോ ? കൊള്ളാം മടിയിലിരുത്തി സ്നേഹം തരാനുള്ള പ്രായമൊക്കെ കഴിഞ്ഞുപോയില്ലേ. രണ്ടു മൂന്ന് അനാഥ കുഞ്ഞുങ്ങളെ ദത്തെടുത്ത് കൊടുക്കാൻ മറന്നു പോയതും തരപ്പെടാതെപോയതുമായ ബാക്കിയുള്ള സ്നേഹംകൊട് സ്വർഗ്ഗത്തിൽ അക്കൗണ്ട് സബ്മിറ്റ് ചെയ്യുമ്പോൾ ചില്ലറ ഡിസ്ക്കൗണ്ട് കിട്ടിയേക്കും.

ഒരപേക്ഷയുണ്ട്:

ദയവായി ശല്യപ്പെടുത്തരുത്. ഉപദേശവും കുറ്റാന്വേഷണവും സൂപ്പർ വൈസിംഗുമായി വന്ന് ശല്യപ്പെടുത്തരുത്. ജീവിക്കാൻ അനുവദിക്കുക. ഒന്നാം പാഠം പഠിപ്പിക്കുവാൻ ചൂരൽ വടിയും, നിയന്ത്രിക്കാൻ റിമോട്ട് കൺട്രോളുമായി വന്നാൽ പ്രായമൊന്നും നോക്കില്ല, പറഞ്ഞേക്കാം. കർശന താക്കീതോടെ

ധൂർത്തപുത്രൻ

* * * * * * * * *

PS. പ്രിയവായനക്കാരാ, ഇത്തരമൊരു തുറന്ന കത്ത് നിനക്ക് ലഭിക്കാതിരിക്കട്ടെ . . . .

* * * * * * * * *